# വിശ്വസ്തരായി ഒരു പുതുവർഷം

## 2 ദിനവൃത്താന്തം 16:9

**"യഹോവയുടെ കണ്ണു തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു."**

ദൈവത്തോടുചേർന്ന് ഏകാഗ്രചിത്തന്മാരായി ജീവിക്കുക എന്നത് ഏറെ പ്രയാസകരവും, അതുപോലെ പലരും പരാജയപ്പെട്ടും പോകുന്ന ഒരു ലോകത്തിന്റെ നടുവിലാണ് നാം ആയിരിക്കുന്നത്. 2 കൊരി. 11:2-3 വാക്യങ്ങളിൽ പൗലോസ് അപ്പോസ്തോലൻ ലേഖനത്തിലൂടെ തരുന്ന വലിയ ഒരു താക്കീത് ഉണ്ട്. ക്രിസ്തു എന്ന ഏകപുരുഷന് നിർമ്മലകന്യകയായി ഏല്പിച്ചുകൊടുത്ത ഒരു ദൈവപൈതൽ അഥവാ വിശ്വാസി ഏറെ തെറ്റിപ്പോകാൻ സാധ്യതയുള്ള ഒരു ലോകത്തിലാണെന്ന് വ്യക്തമാക്കുന്നു. അതുകൊണ്ട് അപ്പോസ്തോലൻ പറയുന്നു, സർപ്പം ഹവ്വയെ ചതിച്ചതുപോലെ നമ്മുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും, നിർമ്മലതയിലും നിന്നും വിട്ടുമാറി തെറ്റിപ്പോകരുത്. വിശ്വസ്തത, അതാകുന്നുവല്ലോ ഏകാഗ്രഹൃദയത്തിന് അടിസ്ഥാന ഘടകം. നമുക്കറിയാവുന്നതുപോലെ എല്ലാ ബന്ധങ്ങളുടെയും ഇടപാടു കളുടെയും മുഖ്യമായ വിഷയം വിശ്വസ്തമായ ഒരു ഹൃദയംതന്നെ ആകുന്നു.

കുറിവാക്യത്തിൽ നാം കണ്ടതുപോലെ യഹോവയുടെ കണ്ണ് ഏകാഗ്രചിത്തന്മാരെ അന്വേഷിച്ചു ഊടാടിക്കൊണ്ടിരിക്കുകയാണ്. ഈ പരമാർത്ഥ്യസത്യം നാം ഓരോ ദിവസവും എത്രയധികം ഓർക്കണം. "ആസയുടെ ഹൃദയം അവന്റെ ജീവകാല ത്തൊക്കെയും ഏകാഗ്രമായിരുന്നു" (2 ദിനവൃത്താന്തം 15:17) എന്ന് വചനം പറയുന്നു, എന്നാൽ 2 ദിനവൃത്താന്തം 16:7 ൽ വീണ്ടും കാണുന്നു ആസ യഹോവയിൽ ആശ്രയിക്കാതെ ആരാം രാജാവിൽ ആശ്രയിക്കകൊണ്ട് ആരാം സൈന്യം അവന്റെ കൈയ്യിൽ നിന്ന് തെറ്റിപ്പോയിരിക്കുന്നു. ആസാ രാജാവിനെതിരായി വന്ന എല്ലാ പ്രബലശക്തികളെയും (കൂശ്യരും, ലൂസ്യരും ആയ മഹാസൈന്യം 2 ദിനവൃത്താന്തം 16:8) യഹോവ അവന്റെ കൈയ്യിൽ കൊടുത്തു. എന്നാൽ ഇപ്പോൾ ആസയുടെ ആശ്രയം യഹോവയിൽനിന്നും മാറിപ്പോയിരിക്കുന്നു.

ദൈവത്തിൽ ആശ്രയിക്കുന്നവൻ, വിശ്വസ്തത കാണിക്കുന്നവൻ, ജീവിതത്തിലെ സകലത്തിലും വിശ്വസ്തന്മാരായിരിക്കും. അവന്റെ വിശ്വസ്തത രാവിലെതോറും പുതിയതും വലിയതും ആകുന്നു. ആ സത്യം നാം മറക്കരുത്. ദൈവകരങ്ങളിലുള്ള വലിയതും, വിശാലവും, പുതിയതുമായ വിശ്വസ്തതയ്ക്ക് കാത്തിരിക്കുന്നവൻ,

ആശ്രയിക്കുന്നവൻ ഒരുനാളും കുലുങ്ങിപ്പോകില്ല. സങ്കീർത്തനക്കാരൻ പറയുന്നതു പോലെ അതു തലമുറ തലമുറയോളം ഇരിക്കുന്നു.

പ്രിയരേ, സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം നമ്മോടു വിശ്വസ്തനാണ്. എന്നാൽ അവനോട് അത്രയധികം വിശ്വസ്തരായി ഏകാഗ്രഹൃദയത്തോടെ തന്റെ സന്നിധിയിൽ ജീവിക്കാൻ ഇടയായി എന്ന് ഈ വർഷം പര്യവസാനിക്കുന്ന വേളയിൽ ശോധന ചെയ്യാം. വിശ്വസ്തതയോടെ പലതും അവൻ നമുക്കു തന്നു. സാഹചര്യങ്ങൾ, ബന്ധങ്ങൾ, ധനം, മാനം, ആരോഗ്യം, ആയുസ്സ് അങ്ങനെ പറഞ്ഞുതീരാത്ത ദാനങ്ങൾ. എന്നാൽ വിശ്വസ്തതയോടെ നിന്നുകൊണ്ട്, ഇവയൊക്കെ എത്രയധികം ഫലം പുറപ്പെടുവിക്കാൻ സാധിച്ചു എന്ന് കർത്താവിനോടു ചോദിക്കാം. പരാജയത്തിന്റെ കൊടുമുടിയിൽ ആണെന്നുതന്നെ സമ്മതിച്ചുകൊടുത്ത്, സമർപ്പിച്ചുകൊണ്ട് ഒരു പുതിയ തുടക്കത്തിനായി പ്രാർത്ഥിക്കാം.

ഏകാഗ്രമായ ഹൃദയത്തോടെ, എന്റെ ക്രിസ്തുവെന്ന ഏക പുരുഷന്റെ താല്പര്യത്തോടും, ആഗ്രഹത്തോടും, ഹിതത്തോടും ചേർന്നു നിന്നുകൊണ്ട് ദൈവത്തിനു പ്രസാദകരമായ ഒരു ജീവിതത്തിനായി ആഗ്രഹിക്കാം. എല്ലാ ബന്ധങ്ങളുടെയും തകർച്ച അവിശ്വസ്തതയിൽ നിന്നും തുടങ്ങുമ്പോൾ, സകലത്തിന്റെയും ശക്തിയും, ഊഷ്മളതയും വിശ്വസ്തതയിൽ നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം മറക്കാതെ സമർപ്പിച്ചു കൊടുക്കാം. ജീവിതത്തിലെ ഉത്തരവാദിത്തങ്ങളിൽനിന്നും കാലാകാലങ്ങളിൽ ഒരു വിരമിക്കൽ അഥവാ റിട്ടയർമെന്റ് നമുക്കുണ്ട്. എന്നാൽ 'വിശ്വസ്തത' എന്ന വിഷയത്തിൽ അതിനൊരു വിരമിക്കൽ ഇല്ല. ജീവകാലമൊക്കെയും നീ വിശ്വസ്തനായിരുന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ എന്ന കർത്താവിന്റെ വിളിക്കായി നമ്മെത്തന്നെ ഒരുക്കാം. വിശുദ്ധിയ്ക്കായി പ്രാർത്ഥിക്കാം. ഏകാഗ്രഹൃദയത്തോടെ പുതുവർഷം അവനായി മാത്രം കൊടുക്കാം. കർത്താവ് സഹായിക്കട്ടെ.

**പരാമർശം:**

സങ്കീർത്തനം 96:8–9

യഹോവെക്കു അവന്റെ നാമത്തിന്നു തക്കമഹത്വം കൊടുപ്പിൻ; തിരുമുൽകാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ. വിശുദ്ധ വസ്ത്രാലങ്കാരത്തോടെ യഹോവയെ നമസ്കരിപ്പിൻ; സകല ഭൂവാസികളുമായുള്ളോരേ, അവന്റെ മുമ്പിൽ നടുങ്ങുവിൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 135**